**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 79** | **23-08-2022 - ൽ മറുപടിയ്ക്ക്**

**പ്രളയ ദുരിതാശ്വാസ സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2018-ലെ പ്രളയവുമായി ബന്ധപ്പെട്ട് ദുരിതാശ്വാസ സഹായമായി എത്ര കോടി രൂപയാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ലഭിച്ചതെന്നും ഏതൊക്കെ രീതിയിലാണ് പ്രസ്തുത തുക സമാഹരിച്ചതെന്നും വെളിപ്പെടുത്താമോ; | (എ) | 2018-ലെ പ്രളയവുമായി ബന്ധപ്പെട്ട് ദുരിതാശ്വാസ സഹായമായി 2018 ജൂലൈ 27 മുതൽ 2019 ജൂലൈ 30 വരെ 4342.37 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് ലഭിച്ചിട്ടുണ്ട്. പൊതുജനങ്ങൾ, സർക്കാർ-സർക്കാരിതര സ്ഥാപനങ്ങൾ, സർക്കാർ-സർക്കാരിതര ജീവനക്കാർ തുടങ്ങിയവരിൽ നിന്നും ചെക്ക്, ഡ്രാഫ്റ്റ്, ക്യാഷ്, ഓൺ ലൈൻ എന്നീ രീതികളിലൂടെ സംഭാവനയായാണ് ഈ തുക ലഭിച്ചത്. |
| (ബി) | അപ്രകാരം സമാഹരിച്ച തുകയിൽ നിന്നും നാളിതുവരെയായി എത്ര തുക ചെലവഴിച്ചുവെന്നും എത്ര തുക ബാക്കിയുണ്ടെന്നും അറിയിക്കാമോ; | (ബി) | 2018, 2019 പ്രളയവുമായി ബന്ധപ്പെട്ട് നിലവിലും സഹായധനം അനുവദിച്ചു വരുന്നതിനാൽ 2018 പ്രളയദുരിതാശ്വാസത്തിനുമാത്രമായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ വേർതിരിച്ച് സൂക്ഷിച്ചിട്ടില്ല. എന്നാൽ ലഭ്യമായ കണക്കുകൾ പ്രകാരം 2018,2019 പ്രളയവുമായി ബന്ധപ്പെട്ട് ആകെ സമാഹരിച്ച 4935 കോടി രൂപയിൽ 4428.57 കോടി രൂപ ചെലവഴിച്ചു കഴിഞ്ഞു. 495.25 കോടി രൂപ ചെലവഴിക്കാനായി ഇതിനോടകം അനുമതി നൽകിയിട്ടുണ്ട്. ആകയാൽ ഈ ഇനത്തിൽ ആകെ 11.18 കോടി രൂപ മാത്രമാണ് നീക്കിയിരുപ്പായി ഉള്ളത്. |
| (സി) | എത്ര കോടിയുടെ നാശനഷ്ടങ്ങളാണ് പ്രളയത്തിൽ ഉണ്ടായതായി കണക്കാക്കിയിട്ടുള്ളത്; എല്ലാവർക്കും നഷ്ടപരിഹാരം നൽകുന്നതിനും വീടുകൾ നഷ്ടമായവർക്ക് പുനർനിർമ്മാണത്തിന് സഹായം നൽകുന്നതിനും സാധിച്ചിട്ടുണ്ടോ; | (സി) | 2018ലെ വെള്ളപ്പൊക്കത്തിൽ എസ്.ഡി.ആർ.എഫ് മാനദണ്ഡങ്ങൾ അനുസരിച്ച് 5616.78 കോടി രൂപയുടെ നാശനഷ്ടമാണ് കണക്കാക്കിയിട്ടുള്ളത്. 05/10/2018ലെ സ.ഉ (സാധാ) നമ്പർ 527/2018/ഡി.എം.ഡി ഉത്തരവ് പ്രകാരം പൂർണ്ണമായി തകർന്നതോ 75ശതമാനത്തിനു മുകളിൽ കേടുപാടുണ്ടായി വാസയോഗ്യമല്ലാത്ത വീടുകളിൽ ഗുണഭോക്താക്കൾ നേരിട്ടു നിർമ്മാണം നടത്തുന്നവർക്ക് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള 4 ലക്ഷം രൂപയുടെ ധനസഹായം മൂന്നു ഗഡുക്കളായി അനുവദിക്കുകയാണ് ചെയ്യുന്നത്. ദുരന്ത പ്രതികരണനിധിയിൽ നിന്നുമുള്ള ആദ്യ ഗഡു തുക അനുവദിച്ചിട്ടുള്ളതും, നിർദ്ദേശപ്രകാരമുള്ള വീട്നിർമ്മാണം കക്ഷികൾ പൂർത്തിയാക്കാത്തതുമൂലം തുടർ ഗഡുക്കൾ അനുവദിക്കാൻ കഴിയാത്ത കേസുകളിലും, കൂടാതെ നിയമ തടസം, പിന്തുടർച്ചാ തർക്കം എന്നീ പ്രശ്നങ്ങൾ നിലനിൽക്കുന്ന കേസുകളിലും ധനസഹായം പൂർണ്ണമായി വിതരണം ചെയ്യുവാൻ സാധിച്ചിട്ടില്ല. ധനസഹായം ഇനി അനുവദിക്കുവാനുള്ള ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. |

| ജില്ല | ധനസഹായം ഇനി അനുവദിക്കേണ്ടവരുടെ |
|---|---|

| | |
|---|---|
| | വിവരം |
| തിരുവനന്തപുരം | പ്രളയത്തിൽ വിട് നഷ്ടപ്പെട്ട് ധനസഹായത്തിന് അപേക്ഷ സമർപ്പിച്ച മുഴുവൻ ഗുണഭോക്താക്കൾക്കും ആദ്യ ഗഡു തുക അനുവദിച്ചിട്ടുണ്ട്. സ്റ്റേജ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവർക്ക് ആയത് ഹാജരാക്കുന്ന മുറയ്ക്ക് രണ്ടും, മൂന്നും ഗഡുക്കൾ<br><br>അനുവദിച്ച് വരുന്നു. |
| കൊല്ലം | ധനസഹായം എല്ലാ ഗുണഭോക്താക്കൾക്കും അനുവദിച്ചിട്ടുണ്ട്. |
| പത്തനംതിട്ട | സ്റ്റേജ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിനാൽ 21 ഗുണഭോക്താക്കൾക്ക് പൂർണ്ണമായും ധനസഹായം അനുവദിക്കുവാൻ സാധിച്ചിട്ടില്ല |
| ആലപ്പുഴ | ജില്ലയിൽ ഭവനനാശം സംഭവിച്ച 126479 പേരിൽ 30 പേർക്കൊഴികെ ബാക്കി<br><br>എല്ലാവർക്കും ധനസഹായം അനുവദിച്ചിട്ടുണ്ട്. കുട്ടനാട് താലൂക്കിലെ 26 പേർക്ക്<br><br>സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ (SDRF) നിന്നും അനുവദിച്ച ധനസഹായം കക്ഷികളുടെ അക്കൗണ്ടിലെ പിശക് മൂലം അക്കൗണ്ടിൽ ക്രെഡിറ്റ് ആകാതെ BIMS-ൽ hanging എന്ന അവസ്ഥയിൽ തുടരുന്നു. ആയത് പരിഹരിക്കുന്നതിനായി NIC യ്ക്ക്<br><br>കത്ത് നൽകിയിട്ടുണ്ട്. |
| കോട്ടയം | അപ്പീൽ നൽകുന്നതിനുള്ള കാലാവധിക്കുശേഷം 336 പേർ അധിക ധനസഹായം<br><br>ആവശ്യപ്പെട്ട് അപ്പീൽ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചു വരുന്നു. |
| ഇടുക്കി | എല്ലാ ഗുണഭോക്താക്കൾക്കും ധനസഹായം അനുവദിച്ചിട്ടുണ്ട്. |
| എറണാകുളം | വസ്തു തർക്കം, അവകാശികൾ തമ്മിലുള്ള തർക്കം, സ്റ്റേജ് സർട്ടിഫിക്കറ്റ്ഹാജരാക്കാത്തവ എന്നിവയിൽപ്പെട്ട 11 പേർക്ക് ധനസഹായം അനുവദിക്കാനുണ്ട്. |
| തൃശ്ശൂർ | ജില്ലയിൽ വീടും സ്ഥലം നഷ്ടപ്പെട്ട140ഗുണഭോക്താക്കൾക്ക് കൂടി ധനസഹായം അനുവദിക്കുവാനുണ്ട്. |
| പാലക്കാട് | സ്റ്റേജ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിനാൽ 70 ഗുണഭോക്താക്കൾക്ക് ധനസഹായം |

| | | | |
|---|---|---|---|
| | | | <table><tr><td></td><td>പൂർണ്ണമായും അനുവദിക്കുവാൻ സാധിച്ചിട്ടില്ല</td></tr><tr><td>മലപ്പുറം</td><td>46 ഗുണഭോക്താക്കൾക്ക് കൂടി ധനസഹായം അനുവദിക്കാനുണ്ട്.</td></tr><tr><td>കോഴിക്കോട്</td><td>കെയർ ആൻറ് ഷെയർ മുഖേനെ മിഷൻ പദ്ധതി പ്രകാരം 9 ഗുണഭോക്താക്കൾക്ക്വീട് നിർമ്മിച്ച് നൽകുന്നതിൽ വീട്ടുകളുടെ അടിത്തറ പൂർത്തിയായിട്ടുണ്ട്.</td></tr><tr><td>വയനാട്</td><td>വയനാട് ജില്ലയിൽ 249 പേർക്ക് ധനസഹായം അനുവദിച്ചു നൽകാനുണ്ട് .</td></tr><tr><td>കണ്ണൂർ</td><td>സ്റ്റേജ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിനാൽ 22 ഗുണഭോക്താക്കൾക്ക്<br><br>ധനസഹായം പൂർണ്ണമായും അനുവദിക്കുവാൻ സാധിച്ചിട്ടില്ല</td></tr><tr><td>കാസർഗോഡ്</td><td>ധനസഹായം എല്ലാ ഗുണഭോക്താക്കൾക്കും അനുവദിച്ചിട്ടുണ്ട്.</td></tr></table> |
| (ഡി) | എത്ര പേർക്ക് ഇനിയും ധനസഹായം ലഭിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ? | (ഡി) | 2018ലെ വെള്ളപ്പൊക്കത്തിൽ എസ്.ഡി.ആർ.എഫ് മാനദണ്ഡങ്ങൾ അനുസരിച്ച് 5616.78 കോടി രൂപയുടെ നാശനഷ്ടമാണ് കണക്കാക്കിയിട്ടുള്ളത്. 05/10/2018ലെ സ.ഉ (സാധാ) നമ്പർ 527/2018/ ഡി.എം.ഡി ഉത്തരവ് പ്രകാരം പൂർണ്ണമായി തകർന്നതോ 75ശതമാനത്തിനു മുകളിൽ കേടുപാടുണ്ടായി വാസയോഗ്യമല്ലാത്ത വീടുകളിൽ ഗുണഭോക്താക്കൾ നേരിട്ടു നിർമ്മാണം നടത്തുന്നവർക്ക് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള 4 ലക്ഷം രൂപയുടെ ധനസഹായം മൂന്നു ഗഡുക്കളായി അനുവദിക്കുകയാണ് ചെയ്യുന്നത്. ദുരന്ത പ്രതികരണനിധിയിൽ നിന്നുമുള്ള ആദ്യ ഗഡു തുക അനുവദിച്ചിട്ടുള്ളതും, നിർദ്ദേശപ്രകാരമുള്ള വീട്നിർമ്മാണം കക്ഷികൾ പൂർത്തിയാക്കാത്തതുമൂലം തുടർ ഗഡുക്കൾ അനുവദിക്കാൻ കഴിയാത്ത കേസുകളിലും, കൂടാതെ നിയമ തടസം, പിന്തുടർച്ചാ തർക്കം എന്നീ പ്രശ്നങ്ങൾ നിലനിൽക്കുന്ന കേസുകളിലും ധനസഹായം പൂർണ്ണമായി വിതരണം ചെയ്യുവാൻ സാധിച്ചിട്ടില്ല. ധനസഹായം ഇനി അനുവദിക്കുവാനുള്ള ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.<br><br><table><tr><td>ജില്ല</td><td>ധനസഹായം ഇനി അനുവദിക്കേണ്ടവരുടെ വിവരം</td></tr><tr><td>തിരുവനന്തപുരം</td><td>പ്രളയത്തിൽ വിട് നഷ്ടപ്പെട്ട് ധനസഹായത്തിന് അപേക്ഷ സമർപ്പിച്ച മുഴുവൻ ഗുണഭോക്താക്കൾക്കും ആദ്യ ഗഡു തുക അനുവദിച്ചിട്ടുണ്ട്. സ്റ്റേജ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവർക്ക് ആയത് ഹാജരാക്കുന്ന മുറയ്ക്ക് രണ്ടും, മൂന്നും ഗഡുക്കൾ<br><br>അനുവദിച്ച് വരുന്നു.</td></tr></table> |

| | |
|---|---|
| കൊല്ലം | ധനസഹായം എല്ലാ ഗുണഭോക്താക്കൾക്കും അനുവദിച്ചിട്ടുണ്ട്. |
| പത്തനംതിട്ട | സ്റ്റേജ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിനാൽ 21 ഗുണഭോക്താക്കൾക്ക് പൂർണ്ണമായും ധനസഹായം അനുവദിക്കുവാൻ സാധിച്ചിട്ടില്ല |
| ആലപ്പുഴ | ജില്ലയിൽ ഭവനനാശം സംഭവിച്ച 126479 പേരിൽ 30 പേർക്കൊഴികെ ബാക്കി<br><br>എല്ലാവർക്കും ധനസഹായം അനുവദിച്ചിട്ടുണ്ട്. കുട്ടനാട് താലൂക്കിലെ 26 പേർക്ക്<br><br>സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ (SDRF) നിന്നും അനുവദിച്ച ധനസഹായം കക്ഷികളുടെ അക്കൗണ്ടിലെ പിശക് മൂലം അക്കൗണ്ടിൽ ക്രെഡിറ്റ് ആകാതെ BIMS-ൽ hanging എന്ന അവസ്ഥയിൽ തുടരുന്നു. ആയത് പരിഹരിക്കുന്നതിനായി NIC യ്ക്ക്<br><br>കത്ത് നൽകിയിട്ടുണ്ട്. |
| കോട്ടയം | അപ്പീൽ നൽകുന്നതിനുള്ള കാലാവധിക്കുശേഷം 336 പേർ അധിക ധനസഹായം<br><br>ആവശ്യപ്പെട്ട് അപ്പീൽ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ച് വരുന്നു. |
| ഇടുക്കി | എല്ലാ ഗുണഭോക്താക്കൾക്കും ധനസഹായം അനുവദിച്ചിട്ടുണ്ട്. |
| എറണാകുളം | വസ്തു തർക്കം, അവകാശികൾ തമ്മിലുള്ള തർക്കം, സ്റ്റേജ് സർട്ടിഫിക്കറ്റ്ഹാജരാക്കാത്തവർ എന്നിവയിൽപ്പെട്ട 11 പേർക്ക് ധനസഹായം അനുവദിക്കാനുണ്ട്. |
| തൃശ്ശൂർ | ജില്ലയിൽ വീടും സ്ഥലം നഷ്ടപ്പെട്ട140ഗുണഭോക്താക്കൾക്ക് കൂടി ധനസഹായം അനുവദിക്കുവാനുണ്ട്. |
| പാലക്കാട് | സ്റ്റേജ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിനാൽ 70 ഗുണഭോക്താക്കൾക്ക് ധനസഹായം പൂർണ്ണമായും അനുവദിക്കുവാൻ സാധിച്ചിട്ടില്ല |
| മലപ്പുറം | 46 ഗുണഭോക്താക്കൾക്ക് കൂടി ധനസഹായം അനുവദിക്കാനുണ്ട്. |
| കോഴിക്കോട് | കെയർ ആൻറ് ഷെയർ മുഖേനെ മിഷൻ പദ്ധതി പ്രകാരം 9 ഗുണഭോക്താക്കൾക്ക്വീട് നിർമ്മിച്ച് നൽകുന്നതിൽ വീടുകളുടെ അടിത്തറ പൂർത്തിയായിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | വയനാട് | വയനാട് ജില്ലയിൽ 249 പേർക്ക് ധനസഹായം അനുവദിച്ച നൽകാനുണ്ട് . |
| | | | കണ്ണൂർ | സ്റ്റേജ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിനാൽ 22 ഗുണഭോക്താക്കൾക്ക്<br><br>ധനസഹായം പൂർണ്ണമായും അനുവദിക്കുവാൻ സാധിച്ചിട്ടില്ല |
| | | | കാസർഗോഡ് | ധനസഹായം എല്ലാ ഗുണഭോക്താക്കൾക്കും അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ